**CONSUMER GRIEVANCE REDRESSAL FORUM**
**KERALA STATE ELECTRICITY BOARD LTD- SOUTHERN REGION**
**VYDYUTHI BHAVANAM, KOTTARAKKARA**

---

Present: 1. Smt.Laila.N.G,Deputy Chief Engineer, Chairperson
2. Smt. Sajina.T,Executive Engineer, Member II
3. Sri.C.K.Harikumar,Advocate,Member III

Thusday 4th December,2025

**OP No.33/2025-26**

Between

Petitioner: Smt. D.Ushakumari
Chaithram,
Punthalathazham
Mangalathu Nagar 40 A
Kilikolloor.P.O, Kollam.

And

Respondents : (1) The Assistant Executive Engineer
Electrical Sub Division, Pallimukku.

(2) The Assistant Engineer,
Electrical Section, Ayathil.

**ഉത്തരവ്**

1. . **പരാതിക്കാരന്റെ വിശദീകരണം.**

പരാതിക്കാരി ശ്രീമതി. ഉഷാകുമാരി അയത്തിൽ സെക്ഷന്റെ പരിധിയിലുള്ള ഉപഭോക്താവാണ്. പരാതിക്കാരിയുടെ വീടിന്റെ പരിസരത്തായുള്ള പ്ലാവ് പ്രകൃതി ക്ഷോഭം മൂലം ഇലക്ട്രിക്ക് കമ്പിയിൽ വീഴുകയും, 100 മീറ്റർ മാറി നിന്ന നമ്പർ AKT/65-1 എന്ന പോസ്റ്റ് ഒടിയുകയും ചെയ്തു. ഈ ഒടിഞ്ഞ പോസ്റ്റ് വളരെ കാല പഴക്കം ചെന്നതും ചരിഞ്ഞു നിൽക്കുന്നതും കാരണം അതിന്റെ അടുത്തുള്ള താമസക്കാർ പല പ്രാവശ്യം സെക്ഷൻ ഓഫീസിൽ പരാതി കൊടുത്തിട്ടുള്ളതുമാണ്. തുടർന്ന് 09/06/2025-ൽ ഒരു നോട്ടീസ് നൽകുകയും പ്രസ്തുത നോട്ടീസിൽ ലൈസൻസിക്കുണ്ടായ നഷ്ടം Rs.25,000/- പതിനഞ്ച് ദിവസത്തിനകം അടയ്ക്കണമെന്നും പരാതിക്കാരിയോട് ആവശ്യപ്പെടുകയും ചെയ്തു. ഇതിന്

മുമ്പ് ഈ മരം മാറ്റണമെന്ന് കാണിച്ച് പരാതിക്കാരിക്ക് നോട്ടീസ് നൽകിയതായി ലൈസൻസി പറയുന്നു. എന്നാൽ ലൈസൻസിയുടെ പ്രസ്തുത വാദം തെറ്റാണെന്നും, തനിക്ക് അങ്ങനെയൊരു നോട്ടീസ് നൽകിയിട്ടില്ലെന്നും പരാതിക്കാരി വാദിക്കുന്നു. പ്രകൃതി ക്ഷോഭത്തിൽ ഉണ്ടായ പ്രസ്തുത അപകടം അപകടത്തിൽ തനിക്ക് ഉത്തരവാദിത്വമില്ലെന്നും ഈ കാര്യങ്ങളെക്കുറിച്ച് സംസാരിക്കുന്നതിന് വേണ്ടി പരാതിക്കാരിയുടെ ഭർത്താവും മകനും സെക്ഷൻ ഒഫീസിൽ നേരിട്ട് ചെന്ന് കാണുകയുണ്ടായി. അവരെ കണ്ടപ്പോൾ തന്നെ അസിസ്റ്റന്റ് എഞ്ചിനീയർ ക്ഷോഭിക്കുകയും മറ്റുള്ള ജീവനക്കാരുടെ മുൻപിൽ വച്ച് വളരെ മോശമായി പെരുമാറുകയും ചെയ്തു. പ്രസ്തുത അപകടം പ്രകൃതിക്ഷോഭത്തിൽ ഉണ്ടായതാണ്. ഇങ്ങനെ ഉണ്ടാകുന്ന അപകടങ്ങൾ ഒരു കൺസ്യൂമർ ഉത്തരവാദിയല്ല. അതിനാൽ നോട്ടീസിൽ പറഞ്ഞ പ്രകാരമുള്ള (Rs.25000/-) തുക അടയ്ക്കാൻ ബാധ്യസ്ഥ അല്ല എന്ന് പരാതിക്കാരി കൂട്ടി ചേർക്കുന്നു. ആയതിനാൽ പ്രസ്തുത നോട്ടീസ് പിൻ വലിച്ച് കൊണ്ട് ബാദ്ധ്യതയിൽ നിന്നും രക്ഷിച്ച് തരണമെന്ന് ഫോറത്തോട് അപേക്ഷിച്ചു.

<u>എതിർ കക്ഷിയുടെ വാദം</u>

സംസ്ഥാന വൈദ്യുതി കൊല്ലം ഇലക്ട്രിക്കൽ ഡിവിഷൻ പരിധിയിലുള്ള അയത്തിൽ സെക്ഷന്റെ അധികാര പരിധിയിൽ വരുന്ന അയത്തിൽ - കണ്ണനല്ലൂർ റോഡിൽ വടക്കേ വിള സർവ്വീസ് സഹകരണ ബാങ്ക് പുന്തലത്താഴം ശാഖയ്ക്ക് സ്ഥിതി ചെയ്യുന്ന AKT- 65/1 എന്ന വൈദ്യുതി പോസ്റ്റ് 07/06/2025 ന് പരാതിക്കാരിയുടെ പുരയിടത്തിൽ നിന്നിരുന്ന പ്ലാവിന്റെ ശിഖരങ്ങൾ വീണു ഒടിയുകയുണ്ടായി . ടി വൃക്ഷം മൂലം വൈദ്യുതി ലൈനിനും പോസ്റ്റിനും ഉണ്ടാകുന്ന അപകട സാധ്യത മുന്നിൽ കണ്ടുകൊണ്ട് മുമ്പ് 3 തവണ പരാതിക്കാരിയുടെ ഭർത്താവിന് വൃക്ഷം മുറിച്ച് മാറ്റുന്നതിന് നോട്ടീസ് നൽകിയിരുന്നു. കൂടാതെ ഇത് സംബന്ധി ച്ച് ആ പ്രദേശത്തെ ജനപ്രതിനിധികളും പൊതുജനങ്ങളും അയത്തിൽ സെക്ഷനോഫീസിൽ നിരവധി തവണ നേരിട്ടും ഫോൺ മുഖേനയും പരാതി നൽകിയിട്ടുള്ളതാണ് മേൽ വിഷയത്തിൽ വൈദ്യുതി പ്രതിഷ്ഠാപനങ്ങൾക്കും പൊതുജനങ്ങൾക്കും അപകടകരമായി നിലനിന്നിരുന്ന പ്ലാവ് മുറിച്ച് മാറ്റണമെന്ന് പരാതിക്കാരനോട് നേരിൽ കണ്ട് ആവശ്യപ്പെടുകയും നോട്ടീസുകൾ 30/08/2024, 20/02/2025, 20/05/2025 എന്നീ തീയതികളിൽ നൽകിയിട്ടുള്ളതുമാണ്. വൈദ്യുതി ലൈനിനു മുകളിൽ പ്രസ്തുത പ്ലാവിന്റെ ശിഖരങ്ങൾ അപകടകരമായ അവസ്ഥയിൽ നിലനിന്നിരുന്നതിലാണ് നോട്ടീസ് നൽകാൻ നിർബന്ധിതമായത്. അന്ന് അത് അംഗീകരിച്ചിരുന്നുവെങ്കിൽ അപകടം ഒഴിവാക്കാമായിരുന്നു എന്ന് എതിർ കക്ഷി കൂട്ടിച്ചേർ<u>ത്തു</u>. കൂടാതെ ഒരു കൂട്ടം

ഉപഭോക്താക്കൾ ഒരു രാത്രി മുഴുവൻ ഇരുട്ടിൽ കഴിയേണ്ട സാഹചര്യവും ഒഴിവാക്കാമായിരുന്നു. ആയതിനാൽ ഈ അപകടത്തിന്റെയും അതിലൂടെ നേരിട്ട നഷ്ടം നികത്തുന്നതിന്റെ ഉത്തരവാദിത്വവും പരാതിക്കാരിയിൽ നിക്ഷിപ്തമാണ്. പരാതിക്കാരിയുടെ ഭർത്താവും മകനും മറ്റൊരു പ്രവർത്തിയുമായി ബന്ധപ്പെട്ട് ഡെപ്പോസിറ്റ് തുക ഒടുക്കുന്നതിന് വേണ്ടി ഓഫീസിൽ എത്തിയപ്പോൾ, മേൽ സൂചിപ്പിച്ച തുക കൂടി അടയക്കേണ്ട ആവശ്യം വളരെ സൌമ്യമായി ബോധ്യപ്പെടുത്തുകയാണുണ്ടായത് . ഇതിനെതിരായ പരാതിക്കാരന്റെ ആക്ഷേപങ്ങൾ അടിസ്ഥാന രഹിതമാണ്. ആയതിനാൽ മേൽപറഞ്ഞ വസ്തുതകളുടെ വെളിച്ചത്തിൽ .വൈദ്യുതി ബോർഡിനുണ്ടായ നഷ്ടം നീക്കുവാൻ പരാതിക്കാരനോട് നിർദ്ദേശിച്ച് എതിർ കക്ഷികൾക്ക് ചെലവ് സഹിതം നൽകി ഉത്തരവ് ഉണ്ടാകണമെന്ന് അപേക്ഷിക്കുന്നു

3. <u>വിലയിരുത്തലുകളും കണ്ടെത്തലുകളും</u>

ഈ പരാതിയിന്മേലുള്ള ഹിയറിംഗ് 04/06/2025 സി.ജി.ആർ.എഫ് (സൌത്ത്) ന്റെ കാര്യാലയത്തിൽ വച്ച് ഈ ഫോറം നടത്തുകയുണ്ടായി . ഹിയറിംങ്ങിൽ പരാതിക്കാരനും എതിർ കക്ഷിയും പങ്കെടുക്കുകയുണ്ടായി . പരാതിയും എതിർ കക്ഷിയുടെ മറുപടിയും വായിച്ചതിൽ നിന്നും സാഹചര്യങ്ങളും പരിശോധിച്ചതിൽ നിന്നും ഇരു കക്ഷികളുടെയും വാദം കേട്ടതിൽ നിന്നും , ഈ ഫോറം താഴെ വിശദീകരിച്ചിരിക്കുന്ന അനുമാനങ്ങളും തീരുമാനങ്ങളിലും എത്തിച്ചേർന്നിരിക്കുന്നു.

പരാതിക്കാരി മേൽ പ്രശ്നങ്ങൾ ചൂണ്ടിക്കാട്ടി Hon'ble Consumer Redressal Comission /CDRC), Eranakulam മുൻപാകെ CCNO.391/2025 പ്രകാരം പരാതി സമർപ്പിച്ചിട്ടുള്ളതാണ്. നിലവിൽ ബഹു CDRF-ന്റെ പരിഗണനയിലിരിക്കെ പരാതി പരിഗണിക്കുന്നത് ഉചിതമല്ല, എന്ന് ഫോറം നിരിക്ഷിക്കുന്നു.

Regulation 22 (1) (d) Kerala State Electricity Regulatory Commission.(CGRF & Ombudsman Regulation 2005).

"No Representation to the Ombudsman shall lie in cases where a representation for the same grievance by the complainant is pending in any proceedings before any court or arbitrator or any other authority or a decree or award or a final order has already been passed by such court, tribunal , arbitrator or authority".

ആയതിനാൽ പ്രസ്തുത പരാതി പരിഗണിക്കുവാൻ ഈ ഫോറത്തിന് അധികാരമില്ലെന്ന് മനസ്സിലാക്കി പരാതി ഈ ഫോറത്തിൽ നിലനിൽക്കുന്നതല്ലെന്ന് ഈ ഫോറം തീരുമാനത്തിലെത്തിച്ചേർന്നു. .

**ഉത്തരവ്**

1. പരാതിയിലുള്ള വിഷയം CCNo.391/2025 പ്രകാരം ബഹുമാനപ്പെട്ട CDRF-ന്റെ പരിഗണനയിലുള്ളതായതുകൊണ്ട്, ഈ പരാതി പരിഗണിക്കുവാൻ നിലവിൽ ഈ ഫോറത്തിന് അധികാരമില്ലെന്നും ആയത്കൊണ്ട് ഈ ഫോറത്തിൽ നിലനിൽക്കുന്നതല്ലെന്നും ഈ ഫോറം ഉത്തരവാകുന്നു.

2. ചിലവുകൾ ഉത്തരവാകുന്നില്ല.

If the petitioner is not satisfied with the above order of this Forum, he is at liberty to prefer appeal before the Electricity Ombudsman within 30 days from the date of receipt of this order.

The address of the Electricity Ombudsman is furnished below.

'The State Electricity Ombudsman, D.H & Foreshore Road Junction, Near Gandhi Square, Ernakulam, Kerala – 682 016. Phone: 0484 2346488'.

| | | |
|---|---|---|
| *Sd/-* | *Sd/-* | *Sd/-* |
| C .K.HARIKUMAR | SAJINA.T | LAILA.N.G |
| ADVOCATE<br>MEMBER III | EXECUTIVE ENGINEER<br>MEMBER II | DEPUTY CHIEF ENGINEER<br>CHAIRPERSON |

Forwarded

Sd/-
CHAIRPERSON
(DEPUTY CHIEF ENGINEER)

No: CGRF/KTR/OP No.33/2025-26/ 988 Dated :06 /12/2025

Delivered to:

1. Smt. D.Ushakumari , Chaithram, Punthalathazham Mangalathu Nagar 40 Kilikolloor.P.O, Kollam.
2. The Assistant Executive Engineer, Electrical Sub Division, Pallimukku
3. The Assistant Engineer, Electrical Section, Ayathil

Copy to:-

1. The Secretary, KSERC, KPFC Bhavanam, Vellayambalam, Thiruvananthapuram.
2. The Deputy Chief Engineer, Electrical Circle, Kollam.
3. The Executive Engineer, Electrical Division, Kollam.